# Model Question Paper-STD X
# District Educational Office, Thiruvananthapuram
# SOCIAL SCIENCE
# (Malayalam)

**Time : $2^1/_2$ Hours** **Maximum Score : 80**

**നിർദ്ദേശങ്ങൾ :**

- ആദ്യത്തെ 20 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- ആകെ 160 സ്കോറുകൾക്ക് ചോദ്യങ്ങൾ നൽകിയിട്ടുണ്ട്. ലഭിക്കാവുന്ന പരമാവധി സ്കോർ 80.

**1. *A* മുതൽ *L* വരെയുള്ള ചോദ്യങ്ങൾക്ക് *1* സ്കോർ വീതം *(1 x 12 = 12)***

A. ഗോവ ഇന്ത്യൻ യൂണിയനിൽ ചേർക്കപ്പെട്ട വർഷം.

a) 1958 b) 1959
c) 1960 c) 1961

B. ഇന്ത്യൻ വിദേശനയത്തിന്റെ മുഖ്യശിൽപി.

a)സർദാർ വല്ലഭ്ഭായ് പട്ടേൽ b)ജവഹർലാൽ നെഹ്റു
c)വി.പി.മേനോൻ d)ഫസൽ അലി

C.ശരാശരി എത്ര വയസുവരെ ഒരു വ്യക്തി ജീവിച്ചിരിക്കുന്നു എന്നത് എന്തിനെ സൂചിപ്പിക്കുന്നു.

a) ജനനനിരക്ക് b) മരണനിരക്ക്
c) പ്രായഘടന d) ആയുർദൈർഘ്യം

D. ബോൾഷെവിക്കുകളുടെ നേതാവ്.

E. തമിഴ്നാട്ടിലെ ഉപ്പുസത്യാഗ്രഹത്തിന്റെ കേന്ദ്രം.

F. 'എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം' എന്ന ലക്ഷ്യം ഇന്ത്യൻ ഭരണഘടന ഉറപ്പ് വരുത്തുന്ന നിയമം ഏത്?

G. പ്ലേഗ് ബോണസുമായി ബന്ധപ്പെട്ട് ഗാന്ധിജി നേതൃത്വം നൽകിയ സമരം.

H. മൺസൂൺ മഴയും ഇടവിട്ടിട്ടുള്ള വേനൽക്കാലവും മാറിമാറി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ രൂപപ്പെടുന്ന മണ്ണിനം.

I. 'ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ' സ്ഥാപിച്ചതാര്?

J. ഇന്ത്യൻ സമൂഹത്തിന്റെ ആധുനികവൽക്കരണത്തിനായി വാദിച്ച ആദ്യത്തെയാൾ.

K. കൽക്കത്തയിൽ ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയന്റൽ ആർട്ട്സ് സ്ഥാപിച്ചതാര്?

L. ഓരോ സ്ഥലത്തും സൂരിന്റെ ഉച്ചനിലയെ ആധാരമാക്കി നിർണ്ണയിക്കുന്ന സമയം

***2 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് 3 സ്കോർ വീതം (3 x24 = 72)***

2. ഫ്രഞ്ച് വിപ്ലവത്തെ സ്വാധീനിച്ച ചിന്തകർ ആരെല്ലാം?
3. ഇന്ത്യൻ സിവിൽ സർവീസ് വർഗീകരിക്കുക.
4. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ ശാസ്ത്ര – സാങ്കേതിക രംഗത്ത് നിലവിൽവന്ന ഗവേഷണ സ്ഥാപനങ്ങൾ ഏതെല്ലാം?

TVPM EDNL DIST

5. ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ് എന്താണെന്ന് വിശദമാക്കുക? അതിന്റെ അനന്തരഫലം എന്തായിരുന്നു?

6. ഉദ്യോഗസ്ഥവൃന്ദത്തിൻറ സവിശേഷതകൾ എന്തെല്ലാം?

7. ഫ്രഞ്ച് സമൂഹത്തിന്റെ ഘടന വ്യക്തമാക്കുക .

8. എന്താണ് ഇ-ഗവേണൻസ്? ഇ-ഗവേണൻസിന് രണ്ട് ഉദാഹരണങ്ങൾ എഴുതുക.

9. വിദ്യാഭ്യാസം എങ്ങനെ രാജ്യത്തിന്റെ വികസനത്തെ സഹായിക്കുന്നു?

10. ഉപദ്വീപീയ നദികളുടെ സവിശേഷതകൾ പട്ടികപ്പെടുത്തുക .

11. 1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിലെ പ്രധാന ശുപാർശകളെന്തെല്ലാം?

12. 1929 ലെ ലാഹോർ കോൺഗ്രസ് സമ്മേളനത്തിന്റെ അധ്യക്ഷനാര്?അതിലെ പ്രധാന തീരുമാനങ്ങൾ എന്തെല്ലാം?

13. ഡക്കാൺ പീഠഭൂമിയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

14. ഇന്ത്യൻ വിദേശനയത്തിന്റെ മൂന്ന് തത്വങ്ങൾ കുറിക്കുക

15. ആരോഗ്യമുള്ള വ്യക്തികൾ എങ്ങനെ രാജ്യപുരോഗതിയിൽ പങ്കാളികളാകുന്നു?

16. സിവാലിക് മലനിരകളുടെ പ്രത്യേകതകൾ കുറിക്കുക.

17. ധരാതലീയ ഭൂപടത്തിൽ ചിത്രീകരിച്ചിരിക്കുന്ന കോണ്ടൂർ രേഖകളിൽ നിന്നും എന്തെല്ലാം മനസ്സിലാക്കാം.

18. ഗവൺമെന്റിന്റെ ധനനയത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം?

19. കിഴക്കൻ മലനിരകളുടെ സവിശേഷതകൾ പട്ടികപ്പെടുത്തുക.

20. ഇ-ഗവേണൻസ് കൊണ്ട് പൊതുജനങ്ങൾക്കുള്ള നേട്ടങ്ങൾ എന്തെല്ലാം?

21. ഋതുഭേദങ്ങൾക്ക് കാരണമാവുന്ന ഘടകങ്ങൾ കണ്ടെത്തുക.

22. വേനൽകാലത്തിന്റെ തീക്ഷ്ണതയിൽ നിന്നും ശൈത്യത്തിലേയ്ക്കുള്ള മാറ്റത്തിന്റെ കാലമാണ് ഹേമന്തകാലം. ഈ പ്രസ്താവന സാധൂകരിക്കുക.

23. ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യയിലെ വ്യവസായ ശാലകളിലെ തൊഴിലാളികൾ അനുഭവിക്കേണ്ടി വന്ന ശോചനീയാവസ്ഥ കുറിക്കുക.

24. ട്രാൻസ് ഹിമാലയത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

25. സൂര്യന്റെ അയനം എന്തെന്നു വ്യക്തമാക്കുക.

*26 മുതൽ 38 വരെയുള്ള ചോദ്യങ്ങൾക്ക് 4 സ്കോർ വീതം (4 x 13 = 52)*

26. സമയ നിർണ്ണയത്തിൽ ഗ്രീനിച്ച് രേഖ, അന്താരാഷ്ട്ര ദിനാങ്കരേഖ എന്നീ രേഖാംശങ്ങളുടെ പ്രാധാന്യം വ്യക്തമാക്കുക

27. ചുവടെ തന്നിട്ടുള്ള ഭൂവിവരങ്ങളെ നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക

(A) കാവേരി നദി (B) വിന്ധ്യാ നിരകൾ (C) കന്യാകുമാരി (D) ചോട്ടാനാഗ്പൂർ പീഠഭൂമി

28. പൊതുഭരണത്തിന്റെ പ്രാധാന്യം എന്തെല്ലാം?

29. ആരോഗ്യ പരിപാലനത്തിനായി നാം ഒരുക്കേണ്ട സൗകര്യങ്ങൾ എന്തെല്ലാം?

30. വിദ്യാഭ്യാസവും നൈപുണിയും മെച്ചപ്പെടുത്തുന്നതിനായി നമ്മുടെ രാജ്യത്ത് നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ ലക്ഷ്യങ്ങളും പട്ടികപ്പെടുത്തുക

31. നാട്ടുരാജ്യങ്ങളുടെ സംയോജനം സ്വതന്ത്ര ഇന്ത്യ നേരിട്ട വെല്ലുവിളികളിൽ ഒന്നായിരുന്നു.

TVPM EDNL DIST

ഈ വെല്ലുവിളി തരണംചെയ്യാൻ ഇന്ത്യക്ക് സാധിച്ചതെങ്ങനെ?

32. ഹിമാലയൻ നദികളുടെ സവിഷേഷതകൾ എന്തെല്ലാം

33. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ സുഭാഷ് ചന്ദ്രബോസിന്റെ പങ്ക് വിലയിരുത്തുക.

34. മാനവവിഭവശേഷി മെച്ചപ്പെടുത്തുന്നത് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം?

35. യൂണിയൻ പബ്ലിക് സർവിസ് കമ്മീഷൻ,സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ എന്നിവ വിശദമാക്കുക.

36. അമേരിക്കൻ സ്വാതന്ത്ര്യസമരം ലോകചരിത്രത്തെ സ്വാധീനിച്ചതെങ്ങനെയെന്നു വ്യക്തമാക്കുക?

37. രണ്ടാം ലോകയുദ്ധാനന്തരം ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനായി രൂപീകരക്കപ്പെട്ട സംഘടനയുടെ പേരെന്ത്? ഇതിന്റെ ആസ്ഥാനം എവിടെ?ലക്ഷ്യങ്ങൾ എന്തെല്ലാം.

38. ആഗോളവാതങ്ങൾ നിർവചിക്കുക. വിവിധ ആഗോളവാതങ്ങൾ പട്ടികപ്പെടുത്തുക.

*39 മുതൽ 42 വരെയുള്ള ചോദ്യങ്ങൾക്ക് 6 സ്കോർ വീതം (6 x 4 = 24)*

39. റഷ്യയിൽ ഒരു താൽക്കാലിക ഗവൺമെന്റ് രൂപീകരിക്കുന്നതിലേക്കു നയിച്ച സാഹചര്യങ്ങൾ വിവരിക്കുക ?

40. സൂര്യന്റെ ആപേക്ഷിക സ്ഥാനം അടിസ്ഥാനമാക്കി ചുവടെ നൽകിയിട്ടുള്ള ദിവസങ്ങളുടെ പ്രാധാന്യം വിശദമാക്കുക.

- ജൂൺ 21
- സെപ്റ്റംബർ 23
- ഡിസംബർ 22

41. പടിഞ്ഞാറൻ തീരസമതലത്തിന്റെയും കിഴക്കൻ തീരസമതലത്തിന്റെയും സവിശേഷതകൾ പട്ടികപ്പെടുത്തുക.

42. ഇന്ത്യയിൽ തിരിച്ചെത്തിയ ശേഷം ഗാന്ധിജി ഇടപെട്ട പ്രാദേശിക സമരങ്ങൾ ഏതെല്ലാം? ഗാന്ധിജിയുടെ ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ കുറിക്കുക?

TVPM EDNL DIST